പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1701 | 15.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **ജെൻഡർ പാർക്ക്** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.കെ.കെ.ലതിക** | **ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സ്ത്രീശാക്തീകരണത്തിനും സുരക്ഷയ്ക്കുമായി ജെൻഡർ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ജെന്റർ പാർക്കിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കോഴിക്കോട് വെള്ളിമാട് കുന്നിൽ നടന്നു വരികയാണ്. |
| (ബി) നിലവിൽ ഏതെല്ലാം സ്ഥലത്ത് ജെൻഡർ പാർക്കിന്റെ പ്രവർത്തനം സ്ത്രീകൾക്ക് ഉപയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ട്;വിശദമാക്കുമോ; | (ബി) ജെന്റർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ജെന്റർ പാർക്കിന്റെ ഓൺ ക്യാമ്പസ് പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. വനിതകൾക്ക് സുരക്ഷിതയാത്ര ഉറപ്പാക്കുന്നതോടൊപ്പം സ്വയംതൊഴിൽ, സംരംഭകത്വം, സാമ്പത്തിക സുരക്ഷിതത്വം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ജെന്റർ പാർക്കിന്റെ ആദ്യത്തെ ഓഫ് ക്യാമ്പസ് പദ്ധതിയായ ഷീടാക്സി ആരംഭിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി ഷീ-ടാക്സികളുടെ സേവനം ലഭ്യമാണ്. |
| (സി) ഇത് പ്രവർത്തിപ്പിക്കുന്നതിന് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഘടനയും അധികാരവും വിശദമാക്കുമോ ? | (സി) ട്രാവൻകൂർ കൊച്ചിൻ ലിറ്ററസി സൈന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സൊസൈറ്റിയാണ് ജെന്റർ പാർക്ക്. ജെന്റർ പാർക്ക് പ്രവർത്തിക്കുന്നതിന് ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നീ രണ്ട് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## I. ഗവേണിങ്ങ് ബോഡി

ജെന്റർ പാർക്കിന്റെ പ്രവർത്തനങ്ങളുടെ പരമാധികാരം ഗവേണിങ്ങ് ബോഡിയിൽ നിക്ഷിപ്തമാണ്.

ഗവേണിങ്ങ് ബോഡിയിൽ താഴെപ്പറയുന്നവർ അംഗങ്ങളാണ്

1. സാമൂഹ്യ നീതി വകുപ്പ് മന്ത്രി (ചെയർമാൻ)
2. സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ് ( വൈസ് ചെയർമാൻ)
3. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
5. ഡോ. മൃദുൽ ഈപ്പൻ, മുൻ മെമ്പർ, സംസ്ഥാന പ്ലാനിങ്ങ് ബോർഡ്
6. ഡോ. ഉഷാ ടൈറ്റസ് ഐ.എ.എസ്. ജോയിന്റ് സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്ക് അഫയേഴ്സ്, കേന്ദ്ര സർക്കാർ
7. ഡോ. ഗീതാ ഗോപാൽ, ജെന്റർ അഡ്വൈസർ, സാമൂഹ്യ നീതി വകുപ്പ്
8. ശ്രീമതി. മിനി സുകുമാർ, അസിസ്റ്റന്റ് പ്രൊഫസ്സർ, സെന്റർ ഫോർ വിമൻ സ്റ്റഡീസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി
9. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജെന്റർ പാർക്ക്(മെമ്പർ സെക്രട്ടറി)

## II. എക്സിക്യൂട്ടീവ് കമ്മിറ്റി

ഗവേണിങ്ങ് ബോഡിയുടെ നയപരമായ തീരുമാനങ്ങൾക്കും പദ്ധതികൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ജെന്റർ പാർക്കിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും നിയന്ത്രിക്കുകയും ചെയ്യുക എന്ന ചുമതലയാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളാണ്.

1. സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ് (ചെയർമാൻ).
2. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ.
3. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്.
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജെന്റർ പാർക്ക്.

സെക്ഷൻ ഓഫീസർ.